# എന്ത് അറിയാനുള്ള അവകാശം

**സി.ആർ. നീലകണ്ഠൻ**

**അറിയാനുള്ള അവകാശം പൗരന്റെ മൗലികാവകാശമാകുന്നു. ഓരോരുത്തർക്കുമുള്ള മൗലികാവകാശമാണിത്. അല്ലാതെ സർക്കാരിന്റെയോ നിയനിർമ്മാണസഭയുടേയോ ഔദാര്യമല്ല. ഒരു മന്ത്രിയോ നിയമസഭസാമാജികൻ അല്ലെങ്കിൽ ഒരു ന്യായാധിപനോ മറ്റ് ഏതെങ്കിലും പൊതു അധികാരം ഉപയോഗിക്കാനുള്ള അവകാശം ലഭിച്ചയാൾ എന്തെങ്കിലും തെറ്റായി ചെയ്താൽ, അത് സ്വകാര്യ ജീവിതത്തിൽ ആണെങ്കിൽപോലും അത് പൊതു അധികാരത്തെ ബാധിക്കുന്ന വിധത്തിലുള്ള തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ അവയെക്കുറിച്ച് പൂർണ്ണമായി അറിയാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഈ അടിസ്ഥാനത്തിലാണ് അറിയാനുള്ള അവകാശനിയമത്തെ ഞാൻ കാണുന്നത്.**

ഭരണകൂടത്തിന്റെ നടപടികളിൽ എത്രത്തോളം ജനകീയ സ്വാധീനമുണ്ട് എന്നതാണല്ലോ ജനാധിപത്യത്തിന്റെ അളവുകോൽ. സർക്കാരിന്റെ നയങ്ങളും പ്രവർത്തനങ്ങളും തീരുമാനങ്ങളും സംബന്ധിച്ച് പൗരസമൂഹത്തിന് അറിവുണ്ടാകുകയെന്നതാണ് ഇതിൽ ഒന്നാമത്തേത്. ഇന്ത്യയെപോലെ സാമൂഹ്യമായ പിന്നോക്കാവസ്ഥയിൽ മഹാഭൂരിപക്ഷവും ജീവിക്കുന്ന ഒരു രാജ്യത്ത് സർക്കാരിന്റെ തീരുമാനങ്ങളും മറ്റും ജനങ്ങളെ അറിയിക്കുകയെന്നത് ഒരു അനിവാര്യതയായി ആരും കരുതുകയില്ല. അവികസിത ജനാധിപത്യമാണ് നമ്മുടേത് എന്നർത്ഥം. സർക്കാരിന്റെ നയങ്ങൾ മിക്കപ്പോഴും നമ്മുടെ രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാറില്ല. നിർണ്ണായകമായ തിരഞ്ഞെടുപ്പുകളിൽപ്പോലും സാമ്പത്തിക നയങ്ങൾ ഒരു ചർച്ചാവിഷയമേ ആകാലില്ല. അഴിമതിയെന്നത് മിക്കപ്പോഴും കക്ഷിരാഷ്ട്രീയപ്പോരാട്ടത്തിലെ ഒരു താൽക്കാലികായുധം മാത്രമായി മാറുന്നു. നാളിതുവരെ രാഷ്ട്രീയനേതാവിനെയും അഴിമതിക്കേസിൽ ശിക്ഷിച്ചിട്ടില്ലായെന്നു പറയുമ്പോൾത്തന്നെ നമുക്കിതു മനസ്സിലാകും. ഇതെല്ലാംകൊണ്ടുതന്നെ സുതാര്യമായ ഒരു ഭരണകൂടം എന്ന ആശയം നമുക്ക് അത്ര പരിചിതമായിരുന്നില്ല. അതൊരാവശ്യംപോലുമായിത്തോന്നിയിട്ടില്ല. ഭരണകൂടത്തിന്റെ നാലാം തൂണെന്നവകാശപ്പെടുന്ന മാധ്യമങ്ങൾപോലും ഇതിനുവേണ്ടി കാര്യമായ ശ്രമങ്ങൾ നടത്തിയിട്ടില്ല. അറിയാനുള്ള അവകാശം സ്ഥാപിച്ചു നൽകുന്ന ഒരു നിയമം കേന്ദ്രസർക്കാരക് തയ്യാറാക്കി അവതരിപ്പിച്ച് പാസ്സാക്കിയിട്ടും നമ്മുടെ മുഖ്യധാരാ ചർച്ചകലിൽ അതുൾപ്പെടാതിരുന്നത് ഇതുകൊണ്ടായിരിക്കാം.

അറിയാനുള്ള അധികാരം അല്ലെങ്കിൽ അവകാശം എന്ന ലക്ഷ്യത്തോടെ ആസൂത്രിതമായ രൂപത്തിൽ ഒരു ജനകീയപ്രസ്ഥാനം വളർന്നത് ഏറെ പിന്നോക്കമെന്നു നാം കരുത്തുന്ന രാജസ്ഥാനിലാണ്. അവിടെ അതു സംസ്ഥാനത്തിലുള്ള ഒരു നിയമമാക്കിയിട്ടു പല വർഷങ്ങളായി. എന്നാൽ അഖിലേന്ത്യാ തലത്തലിൽ ഇത്തരമൊരു നിയമം ആവശ്യമാണെന്ന ചർച്ച ഉയർന്നു വന്നതു തന്നെ വളരെ വൈകിയാണ്. ഒടുവിൽ 2002 ൽ അത്തരമൊരു നിയമം പാസ്സാക്കുകയും ചെയ്തു. ആ നിയമത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടി ഒരു പുതിയ നിയമം (2005) നിർവ്വഹിക്കുകയാണുണ്ടായത്. പുതിയ നിയമംവഴി

പൊതുജനങ്ങൾക്ക്, സർക്കാർ കൂടുതൽ സുതാര്യവും ഉത്തരവാദിത്വമുള്ളതുമായി മാറും എന്നതാണ് ആമുഖത്തിൽ പറയുന്നത്. നിയമം നടപ്പിലാക്കാൻ വേണ്ടി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒട്ടേറെ അധികാരമുള്ള ഇൻഫർമേഷൻ കമ്മീഷനുകൾ സ്ഥാപിക്കുന്നു വെന്നതാണ് പുതിയ നിയമത്തിന്റെ ഏറ്റവും പ്രധാന നേട്ടം. തിരഞ്ഞെടുപ്പു കമ്മീഷനു തുല്യമായ പദവിയും ആനുകൂല്യങ്ങളും ഈ കമ്മീഷനുമുണ്ടാകും. കഴിഞ്ഞ കുറച്ചു വർഷ ങ്ങളായി തിരഞ്ഞെടുപ്പു കമ്മീഷൻ എന്ന ഭണഘടനാ സ്ഥാപനത്തിന്റെ പ്രവർത്തനശേഷി നമുക്കു ബോധ്യപ്പെട്ടതാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ പുതിയ നിയമം നമ്മുടെ ജനാധിപത്യ ചരിത്രത്തിൽ ഒരു കുതിച്ചു ചാട്ടമാണെന്ന് നമുക്കുതോന്നാം. കമ്മീഷന്റെ നടപ ടിക്രമങ്ങൾസംബന്ധിച്ചുള്ള വിശദമായ പട്ടികയും നിമയത്തിലുണ്ട്. അതിലേറെ, ഒരു വിവരം ആവശ്യപ്പെടുന്നയാൾ അതെന്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് പറയാൻ ബാധ്യസ്ഥനുമല്ല എന്നതും ഇതിന്റെ ഒരു പ്രത്യേകതയാണ്. എന്നാൽ ഒരു സവിശേഷ രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ സാഹചര്യത്തിലാണല്ലോ ഈ നിയമം നടപ്പിലാക്കേണ്ടത്. ഇക്കാര്യത്തിലുള്ള മുൻ അനുഭവങ്ങളും നമുക്ക് ശുഭാപ്തിവിശ്വാസം നൽകുന്നില്ല. സ്ത്രീധ നനിരോധന നിയമം തന്നെ നല്ലൊരു ഉദാഹരണം. ഇത്ര കർശനമായൊരു നിയമം നമുക്കു ണ്ടായിട്ടും നാട്ടിൽ നടക്കുന്ന മിക്ക വിവാഹങ്ങളിലും സ്ത്രീധനകൈമാറ്റം നടക്കുന്നുവെന്ന് എല്ലാവർക്കും അറിയാമായിരുന്നിട്ടും പലയിടത്തും സ്ത്രീധന പീഡനങ്ങൾ നടക്കുന്നതായി കണ്ടെത്തിയിട്ടും ഒരാളെപ്പോലും ശ്കിഷിക്കാനായിട്ടില്ലല്ലോ. അതുപോലെത്തന്നെ വനിത കൾക്കും ന്യൂനപക്ഷത്തിനും മനുഷ്യാവകാശസംരക്ഷണത്തിനും മറ്റും ദേശീയ സംസ്ഥാന കമ്മീഷനുകൾ ഉണ്ടായിട്ടും ആ രംഗത്തെ സ്ഥിതി വളരെയേറെ മെച്ചപ്പെട്ടുവെന്നു പറയാനു മാകില്ല. കമ്മീഷൻ നിയമനത്തിലും പ്രവർത്തനങ്ങളിലും ഉണ്ടാകാവുന്ന രാഷ്ട്രീയ സ്വാധീനം എത്രമാത്രം ആയിരിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമുമ്ടാകില്ല. ഇത്തരം പൊതുപ്രശ്നങ്ങൾ എല്ലാം അവഗണിച്ചാലും ഈ നിയമം അതിന്റെ അക്ഷരാർത്ഥ ത്തിലത്തന്നെ നടപ്പാക്കിയിൽപ്പോലും അതിന്റെ നേട്ടം എത്രത്തോളം ഉണ്ടാകുമെന്ന കാര്യ ത്തിൽ ഒട്ടേറെ സംശയങ്ങൾ ഉണ്ട്. നിയമമനുസരിച്ച് നൽകാൻ ഭരണകൂടം ബാധ്യതപ്പെട്ട വിവരങ്ങൾ നിരവധിയുണ്ടെങ്കിലും അങ്ങനെ നൽകാതിരിക്കാൻ അവർക്ക് ഒഴികഴിവുകൾ നൽകുന്ന നിരവധി പഴുതുകളും ഇതേ നിയമത്തിലുണ്ട്. ഏറ്റവം പ്രധാന തടസ്സമാകുക, നിയമത്തിന്റെ 8-ാം വകുപ്പാണ്. ഏറെ ദുർവ്യാഖ്യാനങ്ങൾക്ക് ഇടവരുത്താവുന്നതാണ് ഈ വകുപ്പ്  രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കുന്നത് തന്ത്രപ്രധാനമായ ശാസ്ത്രസാമ്പത്തിക താല്പര്യങ്ങളെ ഹനിക്കുന്നതോ അന്യസുഹൃദ് രാജ്യങ്ങളുമായുള്ള ബന്ധത്തെ ഉലക്കു ന്നതോ ആയ വിവിരങ്ങൾ നൽകേണ്ടതില്ലെന്നാണ് ഈ വകുപ്പിൽ (എട്ട്- എ) പറയുന്നത്. ഒരു വിവരം ഇത്തരത്തിലുള്ളതാണെന്ന് സ്ഥാപിക്കാൻ ഭരണകൂടത്തിന് വലിയ ബുദ്ധിമു ട്ടൊന്നും ഉണ്ടാകുകയില്ല. ഇതിനുപുറമെയാണ് എട്ടു - ബി വകുപ്പനുസരിച്ച് വാണിജ്യ സാമ്പത്തിക വിശ്വാസ്യതക്ക് ഹാനികരമാകുന്നത് വ്യാപാരരഹസ്യങ്ങളായി സൂക്ഷിക്കു ന്നതോ സാമ്പത്തികസ്വത്തവകാശമായി അംഗീകരിച്ചിട്ടുള്ളതോ ആയ വിവരങ്ങൾ  ലഭ്യമാ കേണ്ടതില്ല എന്നത്. ഇതിനെല്ലാം അപ്പുറം ഒരു പൊതു താല്പര്യം ഉണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ  ഈ വിവരങ്ങൾ നൽകാമെന്നു മാത്രം. സർക്കാരും പൊതുജനങ്ങളുമ ല്ലാത്ത ഒരു മൂന്നാം കക്ഷിയുടെ വ്യാപാരശേഷിയെ ഹനിക്കുമെന്നു കണഅടാലും വിവരം നൽകാതിരിക്കാം. ഇതിന് ഒരു നല്ല ഉദാഹരണം ഈ അടുത്തകാലത്തുണ്ടായി. കോളക ളിലെ ഘടകങ്ങൾ വിഷാംശമടക്കം എന്തെല്ലാമാണെന്ന് അതിന്റെ ലേബലിൽ എഴുതിയിരി ക്കണമെന്ന് രാജസ്ഥാൻ ഹൈക്കോടതി വിധിച്ചിരുന്നതാണ്. എന്നാൽ ഇത് നൽകാതിരി ക്കാൻ കോളയെ സഹായിക്കുന്നതാണ് നിയമത്തിലെ എട്ട് - ഡി വകുപ്പ്. ഈതനുസരിച്ച് കോളയുടെ വ്യാപാരരഹസ്യമായ ഈ വിവരം പുറത്തുവന്നാൽ അവരുടെ എതിരാളി കൾക്ക് മത്സരശേഷി കൂടും എന്ന വാദം അവർക്കുയർത്താം.

അധിനിവേശ കാലം

ഇത് ആഗോളമൂലധനാധിനിവേശത്തിൻെറ കാലമാണ്. ഈ അധിനിവേശത്തിനു സഹായക രമാകുന്ന തരത്തിലാണ്. അന്താരാഷ്ട്രബന്ധങ്ങൾ പോലും മാറുന്നത്. കോളയ്ക്കോ എന്റോണിനോ എതിരായി ഏതെങ്കിലും നിയമം പ്രയോഗിച്ചാൽ അതിനെ അമേരിക്കൻ ഭര ണകൂടം തന്നെ നേരിട്ട് ഇടപെട്ട് എതിർക്കും എന്ന മുൻകാല അനുഭവം നമ്മുടെ മുന്നിലു ണ്ട്. അത്തരമൊരു സാഹചര്യത്തിൽ സുഹൃദ് രാജ്യങ്ങളുമായുള്ള ബന്ധത്തെ ബാധിക്കു എന്ന ഒഴികഴിവിലൂടെ ഏതു ബഹുരാഷ്ട്രകുത്തകയ്ക്കും ഈ നയമത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാം. ഇന്ന് ബഹുരാഷ്ട്രകമ്പനികളാണല്ലോ മിക്കവാറും എല്ലാ കരാറുകളും തയ്യാറാക്കുന്നത്. കേരളത്തിൽത്തന്നെ എ.ഡി.ബി, സ്മാർട്ട് സിറ്റി, എക്സ്പ്രസ് ഹേവൈ തുടങ്ങിയ ലോകബാങ്കിന്റെ നിരവധി പദ്ധതികൾവരെ ഇത്തരത്തിൽപ്പെട്ടവയാണ്. ഇന്ത്യ യിലെ പല നിയമങ്ങളും ഇവിടെ മുതൽമുടക്കുന്നതിനു തടസ്സമാണെന്നു പല ബഹുരാഷ്ട്ര സ്ഥാപനങ്ങളും പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം കരാറുകൾ ബന്ധിച്ചുണ്ടാ കാവുന്ന തർക്കങ്ങൾ ഇന്ത്യക്കുപുറത്തുള്ള കോടതികളിലാണ് പരിഹരിക്കേണ്ടത് എന്ന വ്യവസ്ഥ കരാറിൽത്തന്നെ ഉണ്ടാകുന്നു. എസ്.എൻ.സി. ലാവ്‌ലിൻ കരാറിലെന്നപോലെ പഴയ ധാപോൽ താപനിലയത്തിനുവേണ്ടി എന്റോണുമായുണ്ടാക്കിയ കരാറിലും തർക്കപരി ഹാരം നടത്തേണ്ടത് വിദേശ കോടതികളിലാണ്.

ഈ നിയമനുസരിച്ച് സർക്കാരിന്റെ വിവരങ്ങൾ മാത്രമേ ജനങ്ങൾക്ക് ലഭ്യമാക്കാനാകൂ. എന്നാൽ ഇന്നത്തെ ഉദാരവത്ക്കരണത്തിൽ പൊതുസേവന പശ്ചാത്തലമേഖലകലിൽനി ന്നെല്ലാം സർക്കാർ പൻവാങ്ങുകയാണ്. അവിടെ സ്വകാര്യ മൂലധനത്തിനു നിയന്ത്രണം വരു ന്നു. വൈദ്യതി, ജലം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, മുതലായ മേഖലകളിലെ വിവര ങ്ങൾ സ്വകാര്യസ്ഥാപനങ്ങളുടേതാണ്. അവിടെയും ഈ വകുപ്പ് വലിയൊരു തടസ്സമാകും. നിയമത്തിന്റെ പത്താം വകുപ്പ് അനുസരിച്ച് മൂന്നാം കക്ഷിയുടെ വ്യാപാരതാല്പര്യങ്ങൾ സംരക്ഷിക്കുന്ന വിവരങ്ങൾ ഒഴിച്ചെന്തും നൽകാം എന്നു പറയുന്നു.... പിന്നെന്താണ് ജന ങ്ങൾക്കറിയേണ്ടത്? ഒരു സ്വകാര്യ ജലവിതരണസ്ഥാപനം ജലത്തിനു നിശ്ചയിക്കുന്ന വില തന്നെയാണ് ജനങ്ങൾക്ക് പ്രധാനം. എന്നാൽ അതൊരു വ്യാപാര രഹസ്യമാണ്.

ഫലത്തിൽ സാധാരണ ജനങ്ങൾക്ക് വളരെ നിസ്സാരമായ ചില വിവരങ്ങൾ കിട്ടാൻ ഇതു സഹായകമേക്കും. എന്നാൽ ബഹുരാഷ്ട്രക്കമ്പനികൾക്ക് സർക്കാരിന്റെ ഏതു രഹസ്യരേ ഖയും നിയമവിധേയമായിത്തന്നെ കിട്ടാൻ ഇതേ നിയമം സഹായകമാകുകകും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച് ഏതു വിവരവും പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള ഒരു വ്യവസ്ഥ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നുവെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം ഒരി ടത്തും അത്തരത്തിൽ വിവരങ്ങൾ തേടാൻ ആരും തയ്യാറായില്ലെന്നതാണ് സാക്ഷരകേരള ത്തിന്റെ ഒരു അനുഭവം.

ഔദ്യോഗിക രഹസ്യം

സാമ്രാജ്യത്വഭരണകാലത്ത് (1923) നടപ്പിലാക്കിയ ഔദ്യോഗിക രഹസ്യനിയമം കാര്യമായ മാറ്റമൊന്നും കൂടാതെ ഇന്നും തുടരുകയാണ്. ഈ നിയമമനുസരിച്ച് ഏതു വിവരവും ഔദ്യോഗിക രഹസ്യം എന്ന രീതിയിൽ സംരക്ഷിക്കപ്പെടാം. തൊഴിലാളികളുടചെ പണിമു ടക്കു നേരിടാൻ ഏതു സേവനമേഖലയേയും അവശ്യസേവനമാക്കി മാറ്റാൻ നമ്മുടെ സർക്കാരുകൾക്കു കഴിയുന്നുണ്ടല്ലോ. ആരേയും വിചാരണ കൂടാതെ തടവിലിടാൻ പോട്ടേ, ടാഡാ തുടങ്ങിയ നിയമങ്ങളും ഉപയോഗിക്കപ്പെടുന്നു. ഇന്റലിജൻസ് ഏജൻസികളുടെ വിവ രങ്ങൾ പുറത്തു നൽകുന്നതും തടയപ്പെടുന്നു. ഔദ്യോഗിക രഹസ്യനിയമമനുസരിച്ച്

ആരേയും വിദേശചാരനോ അയാളുടെ സഹായിയോ ആക്കാം; വിദേശചാരനാണെന്നു സംശയിക്കപ്പെടുന്ന ഒരാളെ സന്ദർശിക്കുകയോ അയാളുടെ മേൽവിലാസം കൈവശംവെയ്ക്കുകയോ ചെയ്താൽ മതിയെന്നു നിയമം പറയുന്നു. ഇതെല്ലാം ഏറെ ദുർവ്യാഖ്യാനങ്ങൾക്കിടവെക്കുന്നതും ശക്തർക്ക് അനുകൂലമായി നിയമത്തെ ഉപയോഗപ്പെടുത്താൻ വഴിവെക്കുന്നതുമായ സാഹചര്യങ്ങളാണ്. യാതൊരു പഴുതുകളുമില്ലാത്ത നിയമമുണ്ടായാൽത്തന്നെ അതിനെ ദുരുപയോഗപ്പെടുത്താൻ കഴിയുന്ന അധികാരഘടനനിൽനിൽക്കുന്ന ഒരു രാജ്യത്ത് 2005 മെയ്മാസത്തിൽ പാർലമെന്റ് പാസാക്കിയ ഈ നിയമം ഏട്ടിലെ പശു പോലുമാകില്ലെന്ന പ്രശ്നം അവശേഷിക്കുന്നു.